പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3381 — 14.10.2011-ൽ മറുപടിയ്ക്ക്

കിലയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ഡോ. എം. കെ. മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) യുടെ സ്ഥാപന ലക്ഷ്യം എന്താണ്; | (എ) പ്രാദേശിക ഭരണം കാര്യക്ഷമമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്ന വിവിധ പരിപാടികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയുമാണ് കിലയുടെ സ്ഥാപനോദ്ദേശ്യം. ഇതിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, അനുബന്ധമായ ഗവേഷണങ്ങൾ, പഠനങ്ങൾ എന്നിവ ഉൾപ്പെടുന്നു. |
| (ബി) ഒരേ സമയം എത്ര ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും അവിടെ പരിശീലന സൗകര്യമുണ്ട്; ഡീംഡ് യൂണിവേഴ്സിറ്റിയായി മാറുമ്പോൾ ഇന്നത്തെ ചുമതലകൾ നിർവ്വഹിക്കുന്നതിന് എന്ത് ബദൽ സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (ബി) ഒരേ സമയം 200 പേർക്ക് താമസിച്ച് പരിശീലനം നൽകാനുള്ള സൗകര്യം കിലയിലുണ്ട്. ഡീംഡ് യൂണിവേഴ്സിറ്റി ആകുമ്പോൾ പരിശീലനത്തിന് ബദൽ സംവിധാനം ആവശ്യമില്ല. അക്കാദമിക് കോഴ്സുകളുടെ ഭാഗമായുള്ള എക്സ്റ്റൻഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വിപുലമായി പരിശീലന പരിപാടികൾ നടത്താൻ സാധിക്കും. പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട കോഴ്സുകളും ഗവേഷണങ്ങളും പരിശീലനങ്ങളും ഒന്നിച്ചുകൊണ്ടുപോകുന്ന രീതിയാണ് ഉണ്ടാവുക. |
| (സി) വികേന്ദ്രീകൃത പരിശീലന പരിപാടികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത്? | (സി) വികേന്ദ്രീകൃത പരിശീലന പരിപാടികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പരിശീലനത്തിന്റെ പൂർണ്ണ |

വിലയിരുത്തൽ നടത്തുന്നതാണ്. കൂടാതെ പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയ മേഖലകളിൽ പ്രാവീണ്യമുള്ള റിസോഴ്സ് ഗ്രൂപ്പിനെ കണ്ടെത്തി പരിശീലനം നൽകുന്നതാണ്. ഇത്തരം വിഭാഗത്തിൽ പ്രത്യേകമായ ഓറിയന്റേഷൻ പ്രോഗ്രാം ഓരോ ആറുമാസം കൂടുമ്പോഴും നടത്തുന്നതാണ്. പരിശീലനത്തിനു വിധേയമാകുന്നവരുടെ അഭിപ്രായം കൂടി പരിഗണിച്ച് വേണ്ട മാറ്റങ്ങൾ വരുത്താനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ